പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2019 — 26.03.2013-ൽ മറുപടിയ്ക്ക്

അണ്ടർഗ്രൗണ്ട് കേബിളുകൾ വാങ്ങിയതിലെ നഷ്ടം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി 2011 വർഷത്തിൽ എത്ര ദൈർഘ്യത്തിലുള്ള അണ്ടർഗ്രൗണ്ട് കേബിളുകൾക്കാണ് ദർഘാസ് ക്ഷണിച്ചതെന്നു വ്യക്തമാക്കുമോ ; | (എ) | 27.01.2011-ൽ 41 കിലോമീറ്റർ കേബിളിന് ടെൻഡർ ക്ഷണിച്ചു. കൂടാതെ 2011 ൽ മാടക്കത്തറ 400 കെ.വി സബ് സ്റ്റേഷനു വേണ്ടി 220 കെ.വി അണ്ടർ ഗ്രൗണ്ട് കേബിൾ, ടേൺകീ വ്യവസ്ഥയിൽ വിതരണം ചെയ്ത് സ്ഥാപിച്ച്, പരിശോധിച്ച് പ്രവർത്തന സജ്ജമാക്കുന്ന പ്രവൃത്തിക്കു കൂടി ദർഘാസ് ക്ഷണിച്ചിരുന്നു. |
| (ബി) പ്രസ്തുത ദർഘാസുകളുടെ പൊതുവ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | (1) യഥാർത്ഥ ഉൽപാദകരും, യു.ജി.കേബിളുകളുടെ ഉൽപാദനം, ഗുണപരിശോധന, വിപണനം എന്നിവയിൽ 3 വർഷത്തിൽ കുറയാത്ത പരിചയം ഉള്ളതുമായ സ്ഥാപനങ്ങളുടെ ദർഘാസുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ;<br>(2) കേബിളിന്റെ വിതരണം കഴിഞ്ഞാലും 18 മാസത്തെ ഗുണനിലവാര ഉറപ്പ് പാലിക്കേണ്ടതാണ്.<br>(3) വിലകൊടുക്കൽ, പിഴ,ഗുണനിലവാര ഉറപ്പ്, സാധന സാമഗ്രികളുടെ വിതരണം തുടങ്ങിയവ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള വ്യവസ്ഥകൾ സ്ഥാപനം അംഗീകരിക്കേണ്ടതാണ്.<br>(4) സ്ഥാപനത്തിന്റെ വാർഷിക ക്രയവിക്രയം 5 കോടി രൂപയോ അതിൽ കൂടുതലോ ആയിരിക്കേണ്ടതാണ്.<br>(5) ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച പരീക്ഷണ ശാലയിൽ ദർഘാസ് പ്രകാരമുള്ള സാങ്കേതിക ഗുണനിലവാരം പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. |

(6) ദർഘാസ് പ്രകാരമുള്ള മുഴുവൻ കേബിളും നൽകണം.
(7) സ്ഥാപനത്തിന് ബോർഡുമായുള്ള മുൻകാല ഇടപാടുകൾ തൃപ്തികരമായിരിക്കണം.
(8) ദർഘാസുകൾക്ക് പ്രീക്വാളിഫിക്കേഷൻ ബിഡ് തുറന്ന് കഴിഞ്ഞ് 6 മാസമോ, പ്രൈസ് ബിഡ് തുറന്ന് കഴിഞ്ഞ് 4 മാസമോ, ഇതിൽ ഏതാണോ ആദ്യം അതുവരെ കാലപരിധി ഉണ്ടായിരിക്കേണ്ടതാണ്.

400 കെ.വി. സബ്സ്റ്റേഷന്റെ ദർഘാസിന്റെ യോഗ്യതയ്ക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു.

(1) 220 കെ.വി കേബിൾ നിർമ്മാണത്തിലും അവ സ്ഥാപിക്കുന്നതിലും 3 വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം.
(2) കേബിൾ സ്ഥാപിക്കുന്നതിന്റെ സബ് കോൺട്രാക്ട് അനുവദിച്ചിട്ടുണ്ട്.
(3) കേബിൾ നിർമ്മാതാക്കൾക്ക് തുടർച്ചയായി 3 വർഷത്തെ turnover (PAC യുടെ 75%) ഉണ്ടായിരിക്കണം.
(4) 50% PAC ക്ക് solvent ആയിരിക്കണം.

(സി) പ്രസ്തുത ദർഘാസുകളുടെ പൊതു വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 2011 ൽ എത്ര ദൈർഘ്യത്തിലുള്ള യു. ജി. കേബിളുകൾ വാങ്ങുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) ദർഘാസുകളുടെ പൊതു വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 2011-ൽ കേബിളുകൾ വാങ്ങിയിട്ടില്ല. എന്നാൽ ഈ കാലയളവിൽ നിലവിലുള്ള നിയമാവലി അനുസരിച്ച് 41 കിലോമീറ്റർ 33 കെ.വി. യു.ജി. കേബിൾ വാങ്ങുവാനായി 22.12.2011-ൽ പുനർ ദർഘാസ് ക്ഷണിച്ചു.

400 കെ.വി. സബ്സ്റ്റേഷന്റെ ദർഘാസ് re-tender ചെയ്യാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവിടുകയാണ് ഉണ്ടായത്.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നടത്തിയ നിരീക്ഷണം എന്താണെന്ന് വ്യക്തമാക്കുമോ ; എത്ര രൂപയുടെ നഷ്ടമാണ്

(ഡി) ബോർഡിലെ പൊതുവായ ആവശ്യം പരിഗണിച്ച് 2011 ജനുവരിയിൽ 41 കിലോമീറ്റർ എക്സ്.എൽ.പി.ഇ. യു.ജി. കേബിൾ വാങ്ങുവാനായി മത്സര സ്വഭാവമുള്ള

രേഖപ്പെടുത്തപ്പെട്ടത് ;

ദർഘാസുകൾ ക്ഷണിച്ചു. ദർഘാസിന്റെ പൊതു വ്യവസ്ഥ പ്രകാരം പ്രീ ക്വാളിഫിക്കേഷൻ ബിഡ് തുറന്ന് 6 മാസമോ, പ്രൈസ് ബിഡ് തുറന്ന് 4 മാസമോ ഇതിൽ ഏതാണോ ആദ്യം അതുവരെ ദർഘാസിന് കാലപരിധി ഉണ്ടായിരിക്കേണ്ടതാണ് എന്നാൽ പ്രസ്തുത കാലപരിധിയ്ക്കുള്ളിൽ ദർഘാസിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഓർഡർ നൽകാൻ കഴിഞ്ഞില്ല. പിന്നീട് പുനർദർഘാസ് ക്ഷണിച്ച് കൂടിയ റേറ്റിൽ 31 കിലോമീറ്റർ കേബിൾ വാങ്ങിയതിലൂടെ ബോർഡിന് 30.01 ലക്ഷം രൂപ നഷ്ടം ഉണ്ടായതായി സി.എ.ജി.യുടെ ഓഡിറ്റ് വിഭാഗം നിരീക്ഷണം നടത്തുകയുണ്ടായി .

(ഇ) ഇതുവഴി കെ. എസ്. ഇ. ബി യ്ക്കുണ്ടായ നഷ്ടത്തെ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ?

(ഇ) പുനർദർഘാസ് പ്രകാരം 31 കിലോമീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ വാങ്ങിയ വകയിൽ കാലഹരണപ്പെട്ട ദർഘാസിന്റെ വിലയുമായി താരതമ്യപ്പെടുത്തിയിട്ടാണ് പ്രസ്തുത നഷ്ടം താഴെ പറയും പ്രകാരം വന്നതായി കണക്കാക്കിയിരിക്കുന്നത്.

| | |
|---|---|
| കാലഹരണപ്പെട്ട ദർഘാസ് പ്രകാരം ഒരു കിലോമീറ്റർ കേബിളിന്റെ വില | 11,79,135 രൂപ |
| പുനർ ദർഘാസ് പ്രകാരം ഒരു കിലോമീറ്റർ കേബിളിന്റെ വില | 12,75,943 രൂപ |
| വ്യത്യാസം | 96,807 രൂപ |
| കണക്കാക്കപ്പെട്ട നഷ്ടം | 31 X96,807<br>30 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ.